# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3132

14.03.2018-ൽ മറുപടിക്ക്

## കോഴിക്കോട്, മലപ്പുറം ജില്ലകളിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്

ചോദ്യം

ശ്രീ.പി.വി.അൻവർ

ഉത്തരം

പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കോഴിക്കോട്, മലപ്പുറം ജില്ലകളിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 130/12) ലിസ്റ്റ് നിലവിൽ വന്ന തീയതി എന്നാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ 26.05.2016 നം മലപ്പുറം ജില്ലയിൽ 23.05.2016 നം റാങ്ക് പട്ടിക നിലവിൽ വന്നു. |
| (ബി) | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്ന തസ്തിക കേരളത്തിലെ ഏതൊക്കെ ഡിപ്പാർട്ട്മെന്റിലാണ്/ കമ്മീഷനുകളിലാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | കോഴിക്കോട് ജില്ലയിലും മലപ്പുറം ജില്ലയിലും എത്ര പേർ താൽക്കാലിക കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്നു എന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; ഏതൊക്കെ ഡിപ്പാർട്ട്മെന്റിലാണ് ഈ താൽക്കാലികക്കാർ ജോലി ചെയ്യുന്നത്; | | |
| (ഡി) | കോഴിക്കോട് ജില്ലയിലും മലപ്പുറം ജില്ലയിലും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലുള്ള ഒഴിവ് (ജില്ലതിരിച്ച്) സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുമോ; എന്നത്തേക്ക് റിപ്പോർട്ട് ചെയ്യും എന്ന് അറിയിക്കാമോ; നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് | (ഡി) | നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16.08.2017-ലെ AdvC3/304/2017/P&ARD നമ്പർ സർക്കുലർ മുഖേനയും കാലാവധി പൂർത്തിയാക്കുന്ന എൽ.ഡി.സി.(വിവിധം) എൽ.ജി.എസ്.(വിവിധം) റാങ്ക് ലിസ്റ്റുകളിൽ |

| | | | |
|---|---|---|---|
| | പരമാവധി ആളുകളെ നിയമിക്കുമോ ; വിശദമാക്കാമോ ? | | നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്ക് തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് 13.12.2017-ലെ ഉപസി 3/428/17/ഉഭപവ സർക്കുലർ മുഖേനയും ഒഴിവുകൾ പി.എസ്.സി.യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖാന്തിരം കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ 20.12.2017-ലെ ഉപസി3/141/17/ ഉഭപവ സർക്കുലർ മുഖേനയും നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ 07.02.2018-ലെ ഉപസി3/536/17/ ഉഭപവ സർക്കുലർ മുഖേനയും എല്ലാ വകുപ്പു മേധാവികൾക്കും, നിയമന അധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ എഴുതി അറിയിക്കുന്ന എല്ലാ ഒഴിവിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നു തന്നെ പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ